# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1791** **16/06/2014-ൽ മറുപടിയ്ക്ക്**

## തീരദേശമലിനീകരണം കാരണം മത്സ്യസമ്പത്ത് കുറയുന്നത് സംബന്ധിച്ച്.

| ചോദ്യം<br>ശ്രീ. എം. ഉമ്മർ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) തീരദേശമലിനീകരണം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) തീരദേശ മലിനീകരണം നിരീക്ഷിക്കുന്നതിനുള്ള പദ്ധതികൾ ഫിഷറീസ് വകുപ്പിൽ നിലവിലില്ല. നിലവിലുള്ള നിയമങ്ങൾപ്രകാരം തീരദേശ മലിനീകരണം നിയന്ത്രിക്കുന്നതിന് ഫിഷറീസ് വകുപ്പിന് അധികാരവുമില്ല. തീരദേശ ശുചിത്വ പരിപാലനത്തിനായി, തീരദേശ അടിസ്ഥാന വികസന പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ധനസഹായ പദ്ധതി, സമഗ്ര തീരദേശ വികസന പദ്ധതി എന്നിവയിലുൾപ്പെടുത്തി 11,983 ടോയ്‌ലറ്റുകൾ ഇതിനകം മത്സ്യത്തൊഴിലാളി ഭവനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) തീരദേശമലിനീകരണംമൂലം മത്സ്യസമ്പത്ത് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) ഉണ്ട്. |
| (സി) മത്സ്യങ്ങളുടെ പ്രജനനത്തിനും സംരക്ഷണത്തിനും സാങ്ച്വറികൾ സ്ഥാപിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) ഉണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന നദികളിൽ/ തടാകങ്ങളിൽ മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്നതിനുള്ള 67.50 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ പാമ്പുരുത്തി പാലത്തിന് ഇരുവശവും മത്സ്യസങ്കേതം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ആഫീസർ**